പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 593

08.07.2014-ൽ മറുപടിയ്ക്ക്

## അന്തർദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.റ്റി.യു.കുരുവിള | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) ദേശീയ ഗെയിംസ് പോലെ മറ്റ് ദേശീയ-അന്തർദേശീയ കായിക-മത്സരങ്ങൾ കൂടുതലായി കേരളത്തിൽ നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ; | (എ) 2017-ലെ 17 വയസ്സിന് താഴെയുള്ള ആൺകുട്ടികളുടെ FIFA വേൾഡ് കപ്പ് ഫുട്ബോൾ മത്സരം കേരളത്തിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കേരളത്തിൽ 2015-ൽ നടക്കാനിരിക്കുന്ന 35-ാമത് ദേശീയ ഗെയിംസിനോടനുബന്ധിച്ച് സംസ്ഥാനത്ത് തയ്യാറായിക്കൊണ്ടിരിക്കുന്ന അന്തർദേശീയ നിലവാരമുള്ള സ്റ്റേഡിയങ്ങളും, അനുബന്ധമായി നിർമ്മിക്കപ്പെട്ടു കൊണ്ടിരിക്കുന്ന വിപുലമായ അടിസ്ഥാന കായികവികസന സൗകര്യങ്ങളും ഉപയോഗപ്പെടുത്തി വിവിധ ദേശീയ-അന്തർദേശീയ കായികമത്സരങ്ങൾ നടത്താൻ സംസ്ഥാനം സജ്ജമാണ്. എന്നാൽ അന്തർദേശീയ/ദേശീയ മത്സരങ്ങൾ നടത്തുന്നതിനായി രാജ്യങ്ങളെ/ സംസ്ഥാനങ്ങളെ തെരഞ്ഞെടുക്കുന്നത് അന്തർദേശീയ/ദേശീയ കായിക ഫെഡറേഷനുകൾ/സംഘടനകൾ ആണ്. അവയുടെ സമ്മതുമുണ്ടെങ്കിൽ മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാകൂ. |
| (ബി) ഇത്തരം കായിക മത്സരങ്ങൾ നടത്തുന്നതിനും കേരളത്തിലെ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും എല്ലാ ജില്ലകളിലും അന്തർദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ? | (ബി) 35-ാം ദേശീയ ഗെയിംസിന്റെ ഭാഗമായി കേരളത്തിലെ വിവിധ ജില്ലകളിൽ അന്തർദേശീയ നിലവാരമുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണം പൂർത്തിയായി വരുന്നുണ്ട്. ഇതോടൊപ്പം വിവിധ കായിക ഇനങ്ങളുടെ പരിശീലനത്തിനായുള്ള അടിസ്ഥാന കായികവികസന സൗകര്യങ്ങൾ സംസ്ഥാനത്തുടനീളം കായികയുവജന കാര്യാലയം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എന്നിവ മുഖേന ഒരുക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. എന്നാൽ എല്ലാ ജില്ലകളിലും അന്തർദേശീയ നിലവാരമുള്ള സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ